**20U231** (Pages: 3) Name…………………

Reg. No……………..

**SECOND SEMESTER B.A./B.Sc./B.S.W. DEGREE EXAMINATION, APRIL 2021**

(CUCBCSS – UG)

(Regular/Supplementary/Improvement)

**CC19U MAL2 A08 (1) – മലയാള സാഹിത്യം 2**

(Malayalam - Common Course)

(2019 Admission onwards)

Time: 2.5 Hours Maximum: 80 Marks

Credit: 4

**I. രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരം എഴുതുക. 2 മാർക്ക് വീതം. പരമാവധി 25 മാർക്ക്**

1. "സന്തതം മിഹിരനാത്മശോഭയും
   സ്വന്തമാം മധുകൊതിച്ച വണ്ടിനും,
   ചന്തമാർന്നരുളിനില്ക്കുമോമലേ,
   ഹന്താധന്യമിഹ നിന്റെ ജീവിതം"
   - വർണിതമായ അവസ്ഥ ആരുടെ?
2. മന്ദമന്ദമെൻ താഴും
   മുഗ്ദ്ധമാം മുഖം പൊക്കി-
   സുന്ദരദിവാകരൻ
   ചോദിച്ചൂ മധുരമായ്?
   - എന്താണ് ചോദിച്ചത്?
3. സ്ഥിരതയില്ലാത്ത ലോകത്തിലെന്തിനായ്
   ചിരവിരഹി ഞാൻ മേലിലും കേഴണം?
   - സൂചന വ്യക്തമാക്കുക.
4. "ഹേ ഭ്രാതാക്കളേ,
   നിങ്ങളെന്തറിഞ്ഞെന്നെ കൈകൂപ്പി നിൽപ്പൂ, കഷ്ടം!"
   എന്തിനെക്കുറിച്ചാണ് കവി പരാമർശിക്കുന്നത്?
5. സുഖനിദ്രകളാശംസിച്ചു ഞാൻ വാടിയ പൂവുകളോട-
   ല്ലിനിയുണരേണ്ടൊരു മൊട്ടുകളോടല്ലോ
   ഞാൻ കഥ പറയേണ്ടു
   - വിവക്ഷിതമെന്ത് ?
6. ഇന്നു നാമാദ്യകവിതയുണ്ടാക്കുക
   ഇന്നു നാമാദ്യകവിത വായിക്കുക
   - സാരസ്യം വ്യക്തമാക്കുക



7. ഏഴോ എഴുപതോ ഏഴായിരമോ

അതിൽ നിറഭേദങ്ങൾ?

- ഏതിൽ?

8. "താൻ സാലപനെ ഗൂഢമായി സ്നേഹിച്ചതോ കുറ്റം, അതോ തന്റെ അഭിലാഷമോരാതെ വിഢ്ഢിയായ അച്ഛൻ തന്നെ വീര്യശുല്ക്കയെന്നു വേശ്യസ്ത്രീയെപോലാക്കി വിട്ടതോ?" ഇങ്ങനെ പറയുന്നതാര്? കാരണമെന്ത്?
9. ശകുന്തളോപാഖ്യാന കർത്താവിന്റെ പ്രധാന ലക്ഷ്യമെന്ത്?
10. കാല്പനികവാദിയായ അന്യനെ സൃഷ്ടിക്കുന്നതെന്ത്?
11. 'സ്ത്രീയില്ലാത്ത മാതൃഭൂമി' എന്ന ലേഖനശീർഷകത്തിന് ആധാരമായ കൃതിയേത്?
12. പി.കെ. രാജശേഖരന്റെ അഭിപ്രായത്തിൽ നോവൽ എന്ന പുതിയ ആഖ്യാനരൂപം കേരളസംസ്കാരത്തിന്റെ ഭാഗമായത് എങ്ങനെയാണ്?
13. പ്രസിദ്ധ നോവലിസ്റ്റായ രാജലക്ഷ്മിയുടെ ആത്മഹത്യയെക്കുറിച്ച് കെ.പി. അപ്പന്റെ അഭിപ്രായമെന്ത്?
14. പ്രഭാതത്തിൽ യുവയോഗി കാണപ്പെട്ടതെങ്ങനെ?
15. പഴയകുതിരകളെ മാറ്റുക എന്നതുകൊണ്ട് കവി ഉദ്ദേശിക്കുന്നതെന്ത്?

**(Ceiling: 25 Marks)**

**II. ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. 5 മാർക്ക് വീതമുള്ള 8 ചോദ്യങ്ങൾ. പരമാവധി 35 മാർക്ക്.**

16. സ്നേഹത്തിൻ ഫലം സ്നേഹം
    ജ്ഞാനത്തിൻ ഫലം ജ്ഞാനം - വിശകലനം ചെയ്യുക.
17. "കളരി മാറി ഞാൻ കച്ചകെട്ടാമിനി
    കളിയരങ്ങൊന്നു മാറിനോക്കാമിനി"
    - സന്ദർഭവും സാരസ്യവും വ്യക്തമാക്കുക.
18. കലോപാസകൻ എന്ന കവിതയിലൂടെ അക്കിത്തം മുന്നോട്ടു വയ്ക്കുന്ന ദാർശനിക പരിസരം ചർച്ച ചെയ്യുക?
19. അമ്മയോടുള്ള സ്നേഹവായ്പും കരുതലുമാണ് അമ്മയെ കുളിപ്പിക്കുമ്പോൾ എന്ന കവിതയുടെ പശ്ചാത്തലം – പരി ശോധിക്കുക.
20. "അങ്ങനെ അംബ, ഭൂമിയിൽ മറ്റൊരു സ്ത്രീക്കും നേരിട്ടിട്ടില്ലാത്ത കൊടിയൊരു വിഷമാവസ്ഥയിൽപെട്ടു" – എങ്ങനെ? വിശദീകരിക്കുക.
21. കൊട്ടാരം കവിയായ കാളിദാസൻ തന്റെ കാലഘട്ടത്തിന്റെ അധികാരവ്യവസ്ഥയോട് ചേർന്നുനിന്നുകൊണ്ട് മഹാരാജാവിനെ വെള്ളപൂശി കാണിക്കുകയാണ് എന്ന് ജോസഫ് മുണ്ടശ്ശേരി അഭിപ്രായപ്പെടാൻ കാരണമെന്ത് ?



22. എല്ലാ സദാചാരനിയമങ്ങളും ആത്യന്തികമായി സ്ത്രീ വിരുദ്ധമാണെന്ന യാഥാർത്ഥ്യം 'സ്ത്രീയില്ലാത്ത മാതൃഭൂമി' എന്ന ലേഖനത്തെ മുൻനിർത്തി നിരീക്ഷിക്കുക.
23. "മറ്റു സാഹിത്യരൂപങ്ങളിൽ പൂർണമല്ലാത്ത ഈ സവിശേഷതയാണ് മലയാളനോവലിന്റെ ചരിത്രത്തെ നമ്മുടെ ചരിത്രം തന്നെയാക്കി മാറ്റുന്നത്" - ഏത് സവിശേഷത? വിശദമാക്കുക.

**(Ceiling: 35 Marks)**

**III. ഏതെങ്കിലും രണ്ട് ചോദ്യത്തിന് മൂന്ന് പുറത്തിൽ കവിയാതെ ഉപന്യസിക്കുക.**

24. കുമാരനാശാന്റെ രചനാവൈഭവം നളിനിയെ മുൻനിർത്തി പരിശോധിക്കുക.
25. മനുഷ്യസംസ്കാരം നിലനിൽക്കുന്നതുവരെ തുടരുന്ന ഒരു പ്രക്രിയയാണ് 'കഥ പറച്ചിൽ' കുതിരക്കൊമ്പ് എന്ന കവിതയെ മുൻനിർത്തി ചർച്ച ചെയ്യുക.
26. 'സ്ത്രീ ശക്തിയുടെ ഉദാത്ത മാതൃകയാണ് അംബ' പാഠ്യഭാഗത്തെ മുൻനിർത്തി നിരീക്ഷിക്കുക.
27. പ്രാചീനകവികൾ അവരവരുടെ കാലത്തിന്റെ കൈയിൽ ഏറെക്കുറെ കളിപ്പന്തുകളായിരുന്നു എന്ന് മുണ്ടശ്ശേരി സ്ഥാപിക്കുന്നതെങ്ങനെ? വിശദമാക്കുക.

**(2 × 10 = 20 Marks)**

*******

(3)